പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4166** | **21.07.2015-ൽ മറുപടിക്ക്**

**വഴിവാണിഭക്കാരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>'' ഡൊമിനിക് പ്രസന്റേഷൻ<br>'' വി.ഡി.സതീശൻ<br>'' എം.എ.വാഹീദ് | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) തെരുവ് കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് ഏതെല്ലാം സമിതികളാണ് രൂപീകരിച്ചിട്ടുള്ളത്, ആരെല്ലാമാണ് ഇതിലെ അംഗങ്ങൾ; വ്യക്തമാക്കാമോ ? | (എ) സർക്കാർ കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി.) മുഖേന വിവിധ നഗരങ്ങളിൽ നടപ്പാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

**തിരുവനന്തപുരം**

**തിരുവനന്തപുരം** നഗരസഭ എ.ഡി.ബി ധനസഹായത്തോടെ കെ.എസ്.യു.ഡി.പി നടപ്പിലാക്കുന്ന പോവർട്ടി സോഷ്യൽ ഫണ്ട് ഉപയോഗിച്ച് പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വഴിയോര കച്ചവടക്കാരുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി, കേരള സംസ്ഥാന സർക്കാർ നയമനുസരിച്ച് ഒരു നഗരകച്ചവട കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നഗരകച്ചവട കമ്മിറ്റിയിലെ അംഗങ്ങളുടെ ലിസ്റ്റ് ചുവടെച്ചേർക്കുന്നു.

1. ബഹു.മേയർ, തിരുവനന്തപുരം നഗരസഭ – അദ്ധ്യക്ഷൻ
2. ചെയർമാൻ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി – ഉപാദ്ധ്യക്ഷൻ
3. നഗരസഭ സെക്രട്ടറി – കൺവീനർ
4. ഡെപ്യൂട്ടി മേയർ – മെമ്പർ
5. ചെയർമാൻ, മരാമത്ത് കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി – മെമ്പർ
6. ചെയർമാൻ,ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി – മെമ്പർ
7. ചെയർപേഴ്സൺ നഗരാസൂത്രണ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി –

മെമ്പർ

8. നഗരസഭയിലെ - പ്രതിപക്ഷ പാർട്ടികളുടെ ലീഡർമാർ - മെമ്പർ
9. ജനപ്രതിനിധികൾ - മെമ്പർ

10. വഴിയോരകച്ചവടക്കാരുടെ സംഘടനകൾ, യൂണിയനുകൾ തുടങ്ങിയവയുടെ പ്രതിനിധികൾ - മെമ്പർ

**വഴിയോരകച്ചവടത്തിന്റെ വിവിധ മേഖലകളിൽ ഇടപെടാൻ സാധിക്കുന്ന വിവിധ സർക്കാർ വകുപ്പുകൾ/ ഉദ്യോഗസ്ഥർ**

11. പ്രത്യേക ക്ഷണിതാക്കൾ, പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തെ വാർഡ് കൗൺസിലർമാർ - മെമ്പർ
12. ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം നഗരസഭ - മെമ്പർ
13. പ്രോജക്ട് ഡയറക്ടർ, ടി.ആർ.ഡി.സി.എൽ - മെമ്പർ
14. ടൂറിസം, പോലീസ്, ട്രാഫിക്, നഗരാസൂത്രണം, റവന്യൂ, സാമൂഹ്യക്ഷേമം തുടങ്ങിയ വകുപ്പുകളിലെ മേധാവികൾ - മെമ്പർ
15. പ്രോജക്ട് മാനേജർ, പി.ഐ.യു, കെ.എസ്.യു.ഡി.പി - മെമ്പർ
16. സോഷ്യൽ ഡെവലപ്മെന്റ് ഓഫീസർ, പി.ഐ.യു, കെ.എസ്.യു.ഡി.പി - മെമ്പർ
17. സി.ഡി.എസ് ചെയർപേഴ്സൺമാർ, കുടുംബശ്രീ. - മെമ്പർ

**കൊല്ലം**

സമിതികളൊന്നും രൂപീകരിച്ചിട്ടില്ല

**കൊച്ചി**

കൊച്ചി നഗരസഭയിലെ കെ.എസ്.യു.ഡി.പി, പി.ഐ.യു വഴി തെരുവോര ഭക്ഷണ കച്ചവടക്കാരുടെ പുനരധിവാസവും സുരക്ഷിത ഭക്ഷണവും എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കെ.എസ്.യു.ഡി.പിയിലെ പോവർട്ടി സോഷ്യൽഫണ്ടിൽ നിന്നാണ് ഇതിനായി തുക കണ്ടെത്തിയത്. നടത്തിപ്പിനായി രൂപീകരിച്ച സമിതിയുടെ ലിസ്റ്റ് താഴെപ്പറയുംപ്രകാരമാണ് .

| | | | |
|---|---|---|---|
| 1. | ബഹു. മേയർ | – | അദ്ധ്യക്ഷൻ |
| 2. | ചെയർമാൻ, ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | – | ഉപാദ്ധ്യക്ഷൻ |
| 3. | നഗരസഭാ സെക്ര ട്ടറി | – | കൺവീനർ |

പ്രാദേശിക ഭരണാധികാരികൾ

| | | | |
|---|---|---|---|
| 4. | ഡെപ്യൂട്ടി മേയർ | – | മെമ്പർ |
| 5. | ചെയർമാൻ, മരാമ ത്തുകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | – | മെമ്പർ |
| 6. | ചെയർമാൻ, ഹെൽത്ത്കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | – | മെമ്പർ |
| 7. | ചെയർമാൻ, നഗരാ സൂത്രണ കാര്യ, സ്റ്റാൻഡിംഗ് കമ്മിറ്റി | – | മെമ്പർ |
| 8. | നഗരസഭ.യിലെ പ്രതിപക്ഷ ലീഡർമാർ | – | മെമ്പർ |
| 9. | ജനപ്രതിനിധികൾ | – | മെമ്പർ |
| 10. | വഴിയോരകച്ചവട ക്കാരുടെ സംഘട നകൾ, യൂണിയനു കൾ തുടങ്ങിയവ യുടെ പ്രതിനിധി കൾ (മുകളിൽ രേഖപ്പെടുത്തിയിട്ടു ളള 6 സംഘടന കൾ) | – | മെമ്പർ |
| 11. | റസിഡൻസ് അസ്സോസിയേഷൻ (Edrac, Rays) ഓരോ പ്രതിനിധി കൾ | – | മെമ്പർ |

വഴിയോരകച്ചവടക്കാരുടെ വിവിധ മേഖലക ളിൽ ഇടപ്പെടാൻ സാധിക്കുന്ന വിവിധ സർക്കാർ വകുപ്പുകൾ/ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| 12. | ഹെൽത്ത് ആഫീസർ(കൊച്ചി, നഗ രസഭ) | – | മെമ്പർ |
| 13. | ടൗൺപ്ലാനിംഗ് ആഫീസർ (കൊച്ചി, നഗരസഭ) | – | മെമ്പർ |
| 14. | ടൂറിസം, പോലീസ്, ട്രാഫിക്, നഗരാസൂത്രണം , റവന്യൂ , സാമൂഹ്യ ക്ഷേമം | – | മെമ്പർ |
| 15. | പ്രോജക്ട് മാനേജർ, | – | മെമ്പർ |

| | | |
|---|---|---|
| | പി.ഐ.യു., കെ.എ സ്.യു.ഡി.പി | |
| 16. | സോഷ്യൽ ഡെവല പ്പ്മെന്റ് ആഫീസർ പി.ഐ.യു., കെ.എ സ്.യു.ഡി.പി | – മെമ്പർ |
| 17. | സി.ഡി.എസ്. ചെയർപെഴ്സൺ മാർ | – മെമ്പർ |
| 18. | പ്രത്യേക ക്ഷണിതാ ക്കൾ- പദ്ധതി നടപ്പി ലാക്കുന്ന പ്രദേ ശത്തെ വാർഡ് കൗൺസിലർമാർ | – മെമ്പർ |

**തൃശ്ശൂർ**

സമിതികളൊന്നും രൂപീകരിച്ചിട്ടില്ല.

**കോഴിക്കോട്**

കെ.എസ്.യു.ഡി.പി. പദ്ധതി നിർവ്വഹണ ഘടകം, കോഴിക്കോടിന് കീഴിൽ, തെരുവു കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് മാത്രമായി പ്രത്യേകസമിതി രൂപീകരിച്ചിട്ടില്ല. കോഴിക്കോട് കോർപ്പറേഷനിലെ തെരുവ് കച്ചവടക്കാരെ പുനരധിവസിപ്പിക്കാനുദ്ദേശിച്ച് തെരഞ്ഞെടുത്ത വ്യക്തികൾക്ക് പ്രത്യേകം രൂപകല്പനചെയ്ത മൊബൈൽ ഫുഡ് കാർട്ട് വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതിലേയ്ക്കായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്, കോർപ്പറേഷനിലെ ക്ഷേമകാര്യ സമിതിയാണ്.

(ബി) ഏതെല്ലാം പദ്ധതികളാണ് വഴിവാണിഭക്കാരെ പുനരധിവസിപ്പിക്കാൻ ആവിഷ്കരിച്ചിട്ടുളളത്, വിശദമാക്കാമോ ?

(ബി) **ദേശീയ നഗരഉപജീവന മിഷൻ (എൻ.യു.എൽ.എം) എന്ന പദ്ധതിയുടെ കീഴിൽ തെരുവ് കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കെ.എസ്.യു.ഡി.പി മുഖേന താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.**

**തിരുവനന്തപുരം**

1. ആകർഷകമായ സ്ട്രീറ്റ് വെൻഡിംഗ് കാർട്ടുകൾ (ഉന്തുവണ്ടി) നൽകി പുനരധിവസിപ്പിക്കുക
2. നഗരത്തിലെ വഴിയോരക്കച്ചവടക്കാരുടെ സർവ്വേ നടത്തി ഓരോ പ്രദേശത്തിലെയും എണ്ണം തിട്ടപ്പെടുത്തുക

3. നഗരസഭയിൽ വഴിയോരകച്ചവടക്കാരുടെ രജിസ്ട്രേഷൻ പ്രക്രിയ നടത്തുകയും അവർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുകയും ചെയ്യുക.

**കൊല്ലം**

വഴിവാണിഭക്കാരെ പുനരധിവസിപ്പിക്കാൻ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

**കൊച്ചി**

കൊച്ചി നഗരസഭ ആരോഗ്യ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നഗരസഭാതിർത്തിയിൽ ഭക്ഷണ വില്പന നടത്തുന്ന 50 തട്ടുകടക്കാരെയാണ് പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനം ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കളമശ്ശേരി വഴി നൽകിയിട്ടുള്ളതാണ്. പദ്ധതിക്ക് ആവശ്യമായ ബാങ്ക് ലോൺ ആയി 1 കോടി രൂപ സിൻഡിക്കേറ്റ് ബാങ്ക് നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 2 ലക്ഷം രൂപ പ്രോജക്ട് തുകയും , ഇതിൽ 25% തുകയായ 50,000/ രൂപ സബ്സിഡി ഇനത്തിൽ നഗരസഭ കെ.എസ്.യു.ഡി.പി യിലൂടെ ലഭ്യമാക്കിയിട്ടുള്ളതുമാണ്. 5% തുക ഗുണഭോക്താവിന്റെ വിഹിതവും 70% തുകയായ 1,40,000 രൂപ ബാങ്ക് ലോൺ ആയും പദ്ധതി തയ്യാറാക്കിയിട്ടുള്ളതാണ്. പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് ആധുനിക തട്ടുകട, യൂണിഫോം എന്നിവ കെ.എസ്.യു.ഡി.പി പോവർട്ടി സോഷ്യൽ ഫണ്ടിലൂടെ പദ്ധതിക്ക് നടപ്പാക്കിയിട്ടുള്ളതാണ്. കച്ചവടക്കാർക്ക് ആവശ്യമായ ഫുഡ് ആന്റ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിന്റെ ലൈസൻസ് നഗരസഭ വഴി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അംഗങ്ങൾക്ക് ഹെൽത്ത് കാർഡ്, രജിസ്ട്രേഷൻ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.

**തൃശ്ശൂർ**

വഴിവാണിഭക്കാരെ പുനരധിവസിപ്പിക്കുന്നതിനായി കെ.എസ്.യു.ഡി.പിയുടെ ദാരിദ്ര്യ ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഷെഡ് നിർമ്മിയ്ക്കാൻ തീരുമാനിക്കുകയും ഇതിനായി 60 ലക്ഷം രൂപ കെ.എസ്.യു.ഡി.പി ചിലവഴിക്കുയും ചെയ്തു. 23.03.2015 ന് ഈ പദ്ധതി പൂർത്തീകരിച്ചു.

**കോഴിക്കോട്**

തെരുവിൽ കച്ചവടം ചെയ്യുന്നവർക്ക് പ്രത്യേകം ഡിസൈൻ ചെയ്ത വണ്ടിയും സാധന സാമഗ്രികളും വാങ്ങുന്നതിന് സഹായിക്കുന്ന പദ്ധതി കെ.എസ്.യു.ഡി.പിയുടെ കീഴിൽ കോഴിക്കോട് കോർപ്പറേഷനിൽ നടപ്പിലാക്കുന്നുണ്ട്. എസ്.ജെ.എസ്.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ബാങ്കുകളിൽ നിന്നു വായ്പ ലഭ്യമാക്കിയാണ് പദ്ധതി നടപ്പിൽ വരുത്തുന്നത്. 70% ബാങ്ക് വായ്പയും 5% ഗുണഭോക്തൃവിഹിതവും, 25% കെ.എസ്.യു.ഡി.പി വഴിയുള്ള സബ്സിഡിയുമാണ്. കെ.എസ്.യു.ഡി.പിയുടെ പോവർട്ടി സോഷ്യൽ ഫണ്ടിൽ ഇതിനായി 10,00,000/- രൂപ നീക്കിവച്ചിട്ടുണ്ട്. ക്ഷേമകാര്യ സമിതി തിരഞ്ഞെടുത്തതും, എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നതുമായ 16 പേരെ തിരഞ്ഞെടുത്തിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷൻ ക്ഷേമകാര്യ സമിതി അംഗീകരിച്ച അപേക്ഷകൾക്ക് 11.9.2011 ൽ ചേർന്ന കൗൺസിൽ അംഗീകാരം നൽകുകയും ചെയ്തു. കേരള സർക്കാർ സ്ഥാപനമായ The metal Industries, Shornur ആണ് മൊബൈൽ ഫുഡ് കാർട്ട് സപ്ലൈ ചെയ്തത്. നിലവിൽ 3 വണ്ടികൾ വിതരണം ചെയ്തു കഴിഞ്ഞു. 4 വണ്ടികൾ ജൂലൈ മാസത്തിൽ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 9 വണ്ടികൾ ലോൺ പാസ്സാക്കുന്ന മുറയ്ക്ക് വിതരണം ചെയ്യാൻ കഴിയുന്നതാണ്.

(സി) ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാരിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് സ്വീകരിക്കേണ്ടത്. വ്യക്തമാക്കാമോ ?

(സി) ദേശീയ നഗര ഉപജീവന മിഷൻ നിർവ്വഹണ മാർഗ്ഗ നിർദ്ദേശ പ്രകാരം തെരുവ് കച്ചവടക്കാരുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന നടപടികളാണ് എടുക്കേണ്ടത്.

i) തെരുവ് കച്ചവടക്കാരെ സംബന്ധിച്ച സർവ്വേ നടത്തി നഗരസഭകൾ മുഖാന്തിരം തിരിച്ചറിയൽ കാർഡുകൾ നൽകുക.

ii) നഗരങ്ങളുടെ തെരുവ് വാണിഭ രൂപരേഖ തയ്യാറാക്കുക.

iii) തെരുവ് വ്യാപാര മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.

iv)തെരുവ് കച്ചവടക്കാർക്ക് തൊഴിൽ നൈപുണ്യം വികസിപ്പിക്കാനുള്ള പരിശീലനങ്ങൾ നൽകുക.

v)തെരുവ് കച്ചവടക്കാരെ സാമ്പത്തിക സേവനങ്ങളുമായി ഉൾചേർക്കാനുള്ള നടപടികളെടുക്കുക.

vi)ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ പ്രാപ്യമാക്കുക.

vii) നിലവിലെ സാമൂഹ്യ സുരക്ഷ പദ്ധതികളുമായി കണ്ണി ചേർക്കുക.

(ഡി) ജില്ലാ ആസ്ഥാനങ്ങൾക്കുപുറമെ താലൂക്ക് ആസ്ഥാനങ്ങളിലും വഴിവാണിഭക്കാരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ